Mar Raphael Thattil
Major Archbishop of the Syro-Malabar Church

Prot. No. 0715/2024

## സർക്കുലർ

## അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് അറിയിക്കുന്നതിനാണ് ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായുള്ള സഭ മുഴുവന്റെയും ആലോചനായോഗമാണു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി അഥവാ സഭായോഗം. സഭയിലെ മെത്രാൻമാരുടെയും പുരോഹിത, സമർപ്പിത, അല്മായപ്രതിനിധികളുടെയും സംയുക്തയോഗമാണിത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്ന യാഥാർഥ്യമാണു സഭായോഗത്തിന്റെ അടിസ്ഥാനം. അസംബ്ലിയുടെ ദൗത്യത്തെപ്പറ്റി പൗരസ്ത്യ സഭകൾക്കായുള്ള കാനൻനിയമം കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർ ആർച്ചുബിഷപ്പിനെയും മെത്രാൻ സിനഡിനെയും സഹായിക്കാൻവേണ്ടിയുള്ള ആലോചനായോഗമാണിത്. കാലോചിതമായ വിഷയങ്ങൾ ചർച്ചചെയ്യുകയും സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മ കണക്കിലെടുത്തു കർമപരിപാടികൾ രൂപീകരിക്കുന്നതിനു മെത്രാൻസിനഡിനെ സഹായിക്കുകയുംചെയ്യുക എന്നതാണ് അസംബ്ലിയുടെ ദൗത്യം.

അഞ്ചുവർഷത്തിൽ ഒരിക്കൽ അസംബ്ലി വിളിച്ചുചേർക്കണമെന്നതാണു സഭാനിയമം. നമ്മുടെ സഭ 1992ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിനു ശേഷം ആദ്യത്തെ അസംബ്ലി നടക്കുന്നത് 1998 ലാണ്. പിന്നീടു, 2004, 2010, 2016 എന്നീ വർഷങ്ങളിലും ഈ സഭായോഗം കൂടുകയുണ്ടായി. 2016നുശേഷം എട്ടു വർഷങ്ങൾ പിന്നിടുമ്പോഴാണ് 2024ൽ അഞ്ചാമത്തെ അസംബ്ലി നടക്കുന്നത്. കോവിഡു മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വമാണ് 2021ൽ നടക്കേണ്ടിയിരുന്ന അസംബ്ലി ഇത്രയും വൈകാൻ കാരണമായത്.

പാലാ രൂപതയാണ് ഇത്തവണത്തെ അസംബ്ലിയുടെ ആതിഥേയർ. പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 വ്യാഴാഴ്ച വൈകുന്നേരം ആരംഭിച്ചു 25 ഞായറാഴ്ച ഉച്ചയോടെ സമാപിക്കുന്ന രീതിയിലാണ് അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്തുകൊണ്ടിരിക്കുന്നു.

മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ആരൊക്കെയാണു പങ്കെടുക്കേണ്ടത് എന്നതു സഭാനിയമം നിശ്ചയിച്ചിട്ടുണ്ട്. രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നുമുള്ള പ്രതിനിധികളാണ് അസംബ്ലി അംഗങ്ങൾ. രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും എണ്ണം വർധിച്ചപ്പോൾ അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും ആനുപാതികമായി ഉയർന്നു. 2016 ൽ 488 പേരാണ് പങ്കെടുത്തത്. അതിന് പുറമേയായായിരുന്നു കമ്മിറ്റി അംഗങ്ങളും മറ്റു ശുശ്രൂഷകരും. അസംബ്ലിയുടെ നടത്തിപ്പിന്റെ പ്രായോഗികതലങ്ങൾ പരിഗണിച്ചും എല്ലാവരുടെയും ആശയങ്ങൾ ഫലപ്രദമായി അവ

തരിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി പങ്കെടുക്കേണ്ടവരുടെ എണ്ണംകുറയ്ക്കാൻ മെത്രാൻസിനഡു തീരുമാനിച്ചു. അതിൻപ്രകാരം, പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ അസംബ്ലിയിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള ഭേദഗതി വരുത്തിയ സഭയുടെ പ്രത്യേകനിയമം ഒരു കല്പനവഴി 2024 മാർച്ച് 25നു പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ പുതിയ നിയമമനുസരിച്ച് 80 വയസിൽ താഴെയുള്ള മെത്രാന്മാരും വൈദിക സമർപ്പിത അല്മായ പ്രതിനിധികളുമടങ്ങിയ 360 അംഗങ്ങളാണ് ഇത്തവണ പങ്കെടുക്കുന്നത്.

അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം, 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ' എന്നുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി, വിശ്വാസരൂപീകരണത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലെ അല്മായപങ്കാളിത്തം, സീറോമലബാർസമുദായ ശക്തീകരണം എന്നീ മൂന്നു വിഷയങ്ങൾ അസംബ്ലിയുടെ പ്രത്യേക വിചിന്തനത്തിനു വിഷയമാകും.

പ്രിയപ്പെട്ടവരേ, പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടുകൊണ്ടും ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്ത മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സീറോമലബാർസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി നില്ക്കേണ്ട കാഴ്ചപ്പാടുകളും ആദർശങ്ങളും രൂപീകരിക്കാനാണ് അസംബ്ലി ശ്രമിക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും പൊതുനന്മ ലക്ഷ്യമാക്കി ആശയങ്ങൾ പങ്കുവയ്ക്കാനും ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കും ഉപകരിക്കുന്ന ആശയരൂപീകരണം സാധ്യമാകുന്നതിനുംവേണ്ടി സഭ മുഴുവനും ഒരു മനസ്സോടെ പ്രാർഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ അഭ്യർഥിക്കുന്നു. ഇതോടൊപ്പം നല്കുന്ന കാറോസൂസ ആഗസ്റ്റ് 4 ഞായറാഴ്ച മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ടതാണ്.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ടു ജൂലൈ മാസം 24-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

Mar Raphael Thattil
Major Archbishop of the Syro-Malabar Church

---

1. ഈ സർക്കുലർ 2024 ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

2. ആഗസ്റ്റ് 4 മുതൽ എല്ലാ വിശുദ്ധ കുർബാനയിലും ചൊല്ലേണ്ട കാറോസൂസ:

ശുശ്രൂ: അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിക്കായി ഒരുങ്ങുന്ന സീറോമലബാർസഭയെയും പ്രത്യേകമായി അസംബ്ളിയിൽ പങ്കെടുക്കുന്ന എല്ലാവരെയും സമർപ്പിക്കുന്നു. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും' എന്ന വിഷയം വിചിന്തനം ചെയ്ത്, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിഞ്ഞു, സ്നേഹത്തിൽ ഒന്നായി മുന്നോട്ടുപോകുന്ന സഭാസമൂഹമാകാൻ സഹായിക്കുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിധ്യംനല്കി അസംബ്ലിയെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.